# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1564** **01.11.2019 ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) കേരഗ്രാമം പദ്ധതിയിലേയ്ക്ക് തിരുവമ്പാടി മണ്ഡലത്തിലെ ഏതെങ്കിലും പ്രദേശം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ പ്രസ്തുത പ്രദേശം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;<br><br>സി) എന്തെല്ലാം പദ്ധതികളാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | എ)<br>&<br>ബി)<br>&<br>സി) | ഉണ്ട്. തിരുവമ്പാടി മണ്ഡലത്തിലെ കൂടരഞ്ഞി പഞ്ചായത്തിനെ 2019-20 വർഷം കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. തെങ്ങുകൃഷി മുഖ്യമായുള്ളതും ചേർന്ന് കിടക്കുന്ന 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളെയാണ് ഇതിനായി തെരഞ്ഞെടുത്തു വരുന്നത്.<br><br>250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ പദ്ധതികളും സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന് തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിള കൃഷി എന്നിവയും നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. |

**സെക്ഷൻ ഓഫീസർ**